1	2
ഏറനാട്	9954 എണ്ണം
നിലമ്പൂർ	7584 എണ്ണം
പെരിന്തൽമണ്ണ	5135 എണ്ണം
ആകെ	28416 എണ്ണം

(ബി) ഇതിൽ 15376 പേർക്ക് പട്ടയം നൽകി. ഭൂമിയുടെ ലഭ്യത യനുസരിച്ച് ഭൂമി വിതരണം പൂർത്തിയാക്കുന്നതാണ്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജില്ലയിൽ നാല് പട്ടയമേളകൾ നടത്തി. ഇതിലൂടെ 9,505 പട്ടയങ്ങൾ നൽകി.

(ഡി) ഭൂമിയുടെ ലഭ്യതയ്ക്കനുസരിച്ച് ഭൂമി വിതരണം പൂർത്തിയാക്കി വരുന്നു. 2010 ഡിസംബർ 31-നുള്ളിൽ ഭൂമി വിതരണം നടപ്പിലാക്കാനാണ് നടപടി സ്വീകരിച്ചിട്ടുള്ളത്.

ഭൂരഹിതർക്ക് ഭൂമി

182 (3966) ശ്രീ. വി. സുരേന്ദ്രൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഭൂരഹിതരായ എല്ലാപേർക്കും ഭൂമിയും വീടും നൽകുന്ന പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ&ബി) പരമാവധി ഭൂരഹിതർക്ക് ഭൂമി നൽകുന്നതിനുള്ള പദ്ധതി സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായാണ് സംസ്ഥാനത്തുടനീളം പട്ടയമേളകൾ സംഘടിപ്പിച്ചുവരുന്നത്. ഈ സർക്കാർ അധികാരത്തിലേറിയശേഷം ഇതിനകം 1,30,000 ഓളം ഭൂരഹിതർക്ക് ഭൂമി നൽകിക്കഴിഞ്ഞു. ഇനി നടക്കാനിരിക്കുന്ന മേളകളിലൂടെ ചുരുങ്ങിയത് 50,000 പേർക്കെങ്കിലും ഭൂമിയും, കൈവശക്കാർക്ക് പട്ടയവും നൽകണമെന്ന് ഗവൺമെന്റ് ലക്ഷ്യമിടുന്നു. ഭവനരഹിതർക്ക് വീട് നൽകുന്നതിന്റെ ഭാഗമായാണ് തീരദേശത്ത് 10,000 ഓളം വീടുകൾ സുനാമി പുനരധിവാസ പദ്ധതിയിൻകീഴിൽ നിർമ്മിച്ച് നൽകിക്കൊണ്ടിരിക്കുന്നത്. ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതിയിലൂടെയും, പട്ടികജാതി പിന്നോക്കക്ഷേമ വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള പദ്ധതികളിലൂടെയും പരമാവധി ഭവനരഹിതർക്ക് വീട് നൽകുവാനായി സർക്കാർ ലക്ഷ്യമിടുന്നത്.

ലാന്റ് ട്രൈബ്യൂണൽ രേഖകളുടെ കമ്പ്യൂട്ടറൈസേഷൻ

183 (3967) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടയത്തിന് അപേക്ഷയുമായി എത്തുന്ന അപേക്ഷകർക്ക്, മിക്ക ട്രൈബ്യൂണൽ ഓഫീസുകളിലെയും മുൻകാല രേഖകൾ നശിച്ചുപോയതു കൊണ്ട് യഥാസമയം പട്ടയം നൽകാൻ കഴിയാതെ വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly